DESPATCHED
On.04/01/22...

16/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No.485(4)/*2015/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.5451/*എസ്.ഐ.സി-ജി 2/2015*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

തീയതി: 16-12-2021

ശ്രീ. വിനോദ് കുമാർ.എസ്.എ,
അംബുജം, കീഴാറ്റൂർ പി.ഒ — പരാതി ഹർജിക്കാരൻ
തിരുവനന്തപുരം 695 724

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്, — എതിർകക്ഷി
റ്റി.സി.സി.ബി. ബിൽഡിംഗ്,
ഈസ്റ്റ് ഫോർട്ട്, തിരുവനന്തപുരം 23

**ഉത്തരവ്**

പരാതി ഹർജിക്കാരന്റെ അപേക്ഷ ബഹു. സുപ്രീം കോടതിയുടെ വിധി പ്രകാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്തതുകൊണ്ട് മറുപടി നൽകാൻ കഴിയില്ല, എന്ന കാര്യം പരാതി ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്ന്, 29-05-2015 ൽ എതിർകക്ഷി കമ്മീഷനു നൽകിയ റിപ്പോർട്ടിൽ പറയുന്നു. എതിർകക്ഷി പറഞ്ഞിട്ടുള്ള വാദം വസ്തുതാപരമാണെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. 2013 ലെ

**തലപ്പാലം സർവ്വീസ് സഹകരണ ബാങ്ക്**
**VS**
**സ്റ്റേറ്റ് ഓഫ് കേരള**

എന്ന കേസിൽ സഹകരണ നിയമപ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ വിവരാവകാശ നിയമത്തിൽ ഉൾപ്പെടുന്നില്ല, എന്ന് ബഹു. സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ പശ്ചാത്തലത്തിൽ, എതിർകക്ഷിയുടെ മറുപടി

ശരിവച്ചുകൊണ്ട് പരാതി ഹർജിയിന്മേൽ തുടർനടപടികൾ അവസാനിപ്പിച്ച്, ഇന്നേ ദിവസം ഡിസംബർ 16, 2021 ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

pre